# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4188** — **24/6/2019**-ലെ മറുപടി

## കേരള വാട്ടർ അതോറിറ്റിയിലെ എൽ.ഡി.സി തസ്തിക

### ചോദ്യം

ശ്രീ. പി.സി.ജോർജ്ജ്

(എ) കേരള വാട്ടർ അതോറിറ്റിയിലെ എൽ.ഡി.സി. തസ്തികയിലേക്ക് അവസാനമായി വിജ്ഞാപനം വിളിച്ചത് എന്നാണ്; അതിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു; അതിന്റെ യോഗ്യത, മറ്റ് വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുമോ;

### മറുപടി

കെ.കൃഷ്ണൻകുട്ടി
(ജലവിഭവ വകുപ്പുമന്ത്രി)

(എ) കേരള വാട്ടർ അതോറിറ്റിയിലെ എൽ.ഡി.സി തസ്തികയിലേക്ക് 345/12 കാറ്റഗറി നമ്പരായി 16/7/2012-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 145 ഒഴിവുകളിലേക്കാണ് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നത്. അതിൽ പ്രതിപാദിച്ചിരുന്ന യോഗ്യതകൾ ചുവടെ പറയും പ്രകാരമായിരുന്നു.

1. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം
2. ലാൽബഹദൂർ ശാസ്ത്രി സെന്റർ ഫോർ സയൻസ് & ടെക്നോളജി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്മെന്റ് അല്ലെങ്കിൽ തത്തുല്യ ഗവൺമെന്റ് അംഗീകൃതസ്ഥാപനങ്ങൾ എന്നിവയിൽ ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്നുള്ള മൂന്ന് മാസം ദൈർഘ്യമുള്ള ഡാറ്റാ എൻട്രി ആന്റ് ഓഫീസ് ആട്ടോമേഷൻ സർട്ടിഫിക്കറ്റ്.

എന്നാൽ, 11/11/2016-ലെ സ.ഉ (പി) നമ്പർ 27/2016/ജവിവ പ്രകാരം (എസ്.ആർ.ഒ നമ്പർ 690/2016) കേരള വാട്ടർ അതോറിറ്റിയിലെ എൽ.ഡി.ക്ലാർക്കിന്റെ യോഗ്യത, ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം മാത്രമാക്കി ഭേദഗതി വരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | എൽ.ഡി.സി. തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; റിപ്പോർട്ട് ചെയ്ത തീയതിയുൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | എൽ.ഡി.സി തസ്തികയിൽ നിലവിൽ 191 ഒഴിവുകൾ ഉണ്ട്. 28/9/2011-ലെ കെ.ഡബ്ല്യു.എ/എച്ച്.ഒ ഇ-10/12880/2003 നമ്പർ കത്ത് പ്രകാരം 145 ഒഴിവുകളും 12/4/2019-ലെ കെ.ഡബ്ല്യു.എ/എച്ച്.ഒ/ഇ 10-4932/2002 നമ്പർ കത്ത് പ്രകാരം 46 ഒഴിവുകളും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | എൽ.ഡി.സി. വിജ്ഞാപനവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ കേസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) & (ഡി) | ഉണ്ട്. WP(C) No. 24279/2012-മേലുള്ള 01/8/2014-ലെ വിധിന്യായപ്രകാരം കാറ്റഗറി നമ്പർ 345/2012 പ്രകാരമുള്ള തെരഞ്ഞെടുപ്പ് നടപടികൾ ബഹുമാനപ്പെട്ട ഹൈക്കോടതി മരവിപ്പിച്ചിരിക്കുകയാണ്. ആയതിന്മേലുള്ള WA No. 150/2015-ൽ അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത കേസ് ഇത്ര നാളായിട്ടും തീർപ്പാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ടി കേസിന്റെ നിലവിലെ അവസ്ഥ എന്താണ്; | | |
| (ഇ) | ഇങ്ങനെ കേസ് അനന്തമായി നീളുന്നത് കാരണം തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഇ) & (എഫ്) | 11/11/2016-ലെ സ.ഉ (പി) നമ്പർ 27/2016/ജവിവ പ്രകാരം എൽ.ഡി ക്ലാർക്ക് തസ്തികയ്ക്കുള്ള യോഗ്യത ഭേദഗതി ചെയ്തതിനുശേഷമുണ്ടായ 77 ഒഴിവുകളിലേക്ക് കമ്പനി/കോർപ്പറേഷൻ/ബോർഡുകളിലേക്കുള്ള ജൂനിയർ അസിസ്റ്റന്റ്/അസിസ്റ്റന്റ് ഗ്രേഡ്-II റാങ്ക് പട്ടികയിൽ നിന്നും (കാറ്റഗറി നമ്പർ 489/11) പി.എസ്.സി നിയമനശുപാർശ നൽകിയിട്ടുണ്ട്.<br>കൂടാതെ, 12/4/2019-ൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും റിപ്പോർട്ട് ചെയ്ത 46 ഒഴിവുകൾ നികത്തുന്നതു സംബന്ധിച്ച തീരുമാനം പി.എസ്.സി കൈക്കൊള്ളുന്നതാണ്. |
| (എഫ്) | പ്രസ്തുത തസ്തികയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് സമാന തസ്തികയിലെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ കോടതിയുടെ അനുമതിക്കായി നടപടി സ്വീകരിക്കുമോ; എൽ.ഡി.സി തസ്തികയിൽ പുതിയ വിജ്ഞാപനം പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ? | | |

Renuka Sankar

സെക്ഷൻ ഓഫീസർ

JSK/